അദ്ധ്യാപകന്മാരുടെ സ്ഥലം മാറ്റം.

*140. MR. S. KUTTEN : താഴെ പറയുന്ന ചോദ്യത്തിന് ബഹു മാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

അദ്ധ്യാപകന്മാക്ക് കഴിയുന്നതും അവരുടെ സ്വദേശത്തേക്കു തന്നെ സ്ഥലം മാറ്റങ്ങൾ കൊടുക്കേണ്ടതാണെന്നുള്ള പൊതു തത്വം ഗവണ്മെന്റ് അംഗീകരിക്കുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN ഉണ്ട്.

കരമനയും കാട്ടാക്കടയും ചാരായഷാപ്പുകൾ.

*141 MR. S. KUTTEN : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട എക്സൈസു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം താലൂക്കിലെ കരമന ചാരായ ഷാപ്പും നെടുമങ്ങാട് താലൂക്കിലെ കാട്ടാക്കട ചാരായഷാപ്പും മദ്യനിരോധനം നടപ്പിലിരിക്കുന്ന നെയ്യാറിൻകര താലൂക്കിന്റെ അതിർത്തിയിൽ നിന്നും എത്ര അകലേയാണ് സ്ഥിതിചെയ്യുന്നത്?

(ബി) മദ്രാസിലും മറ്റും മദ്യവർജ്ജന അതിർത്തി ബൌണ്ടറി ഷാപ്പുകളിൽനിന്നും എത്ര മൈൽ ദൂരേയാണ് സ്ഥിതിചെയ്യുന്നതെന്നു പറയാമോ?

(സി) കഴിഞ്ഞകൊല്ലം ഷാപ്പുലേലം നടന്നു കൊണ്ടിരിക്കുമ്പോൾ ബൌണ്ടറിഷാപ്പുകൾക്ക് ലേലത്തുക ക്രമേണ വർദ്ധിക്കുന്നതു കണ്ട് എക്സൈസു കമ്മീഷണർ മുൻകൊല്ലത്തെ അപേക്ഷിച്ചു കോട്ട ക്രമീകരിച്ചതായി എന്തു ഉദ്ദേശത്തിലാണ്?

HON'BLE MR. E. K. MADHAVAN : (എ) മദ്യനിരോധനം നടപ്പിലിരിക്കുന്ന നെയ്യാറിൻകര താലൂക്കിന്റെ അതിർത്തിയിൽനിന്നും കാട്ടാക്കട ചാരായഷാപ്പു ഉദ്ദേശം മൂന്നു ഫർലാംഗ് അകലേയും കരമന ചാരായഷാപ്പു ഉദ്ദേശം ഒരു ഫർലാംഗ് അകലേയുമാണ് സ്ഥിതി ചെയ്യുന്നത്.

(ബി) അങ്ങനെ ഒരു നിർബന്ധനിയമം ഉള്ളതായി അറിവില്ല.

(സി) ലേലത്തുക ക്രമേണ വർദ്ധിക്കുമ്പോൾ ലേലത്തിൽ ചേരുന്നവർ ആവശ്യപ്പെട്ടാൽ ന്യായമായ തോതനുസരിച്ച് കോട്ടാ ചാരായം അനുവദിച്ചു കൊടുക്കുന്ന പതിവുണ്ട്. അതനുസരിച്ചു എല്ലാഷാപ്പുകൾക്കും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly